"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ്-സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കളുടെ വാർഷിക മസ്റ്ററിംഗ്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്.എഫ്.സി-ബി) വകുപ്പ്**

സ.ഉ.(കൈ) നം.58/2023/ധന. തീയതി,തിരുവനന്തപുരം, 28.03.2023

1 സ.ഉ(എംഎസ്) നം. 437/2016/ധന. തീയതി 08.11.2016.
2. സ.ഉ(എംഎസ്) നം. 483/2017/ധന. തീയതി 06.11.2017.
3. സ.ഉ(എംഎസ്) നം. 2/2021/ധന. തീയതി 05.01.2021
4. സ.ഉ(എംഎസ്) നം.174/2022/ധന. തീയതി 07.10.2022
5. 02.12.2022-ലെ നം. 2108592/എസ്.എഫ്.സി.ബി2/2022/ധന. കത്ത്.

**<u>ഉത്തരവ്</u>**

ബാങ്ക്/ ഇ-മണിഓർഡർ വഴിയും, ബാങ്കു വഴിയും സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ എല്ലാ വർഷവും ഡിസംബർ മാസം അക്ഷയ കേന്ദ്രങ്ങൾ മുഖേന മസ്റ്റർ ചെയ്യണമെന്ന് യഥാക്രമം പരാമർശം (1), (2) എന്നിവ പ്രകാരം ഉത്തരവായിരുന്നു. സർവ്വീസ്/ കുടുംബ പെൻഷൻ, ഇ.പി.എഫ്. പെൻഷൻ, ക്ഷേമനിധി ബോർഡ് പെൻഷൻ തുടങ്ങി മിക്ക പെൻഷൻ പദ്ധതികളിലും ഗുണഭോക്താക്കൾ വാർഷിക മസ്റ്ററിംഗ് നടത്തുകയോ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കുകയോ ചെയ്യേണ്ടതുണ്ട്. സമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡു പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ മരണപ്പെട്ടവരും, സംസ്ഥാനത്ത് നിലവിൽ താമസമില്ലാത്തവരും, രണ്ടിലധികം പെൻഷനുകൾ കൈപ്പറ്റുന്നവരും ഉണ്ടെന്ന വസ്തുത സർക്കാരിനു ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, വിവിധ ക്ഷേമനിധി ബോർഡുകളെ സേവനയിൽ സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും മസ്റ്ററിംഗിനായുള്ള സോഫ്റ്റ്വെയർ രൂപകൽപ്പന ചെയ്തതിനെയും തുടർന്ന്, 2019 ഡിസംബർ 31 വരെ പെൻഷൻ അനുവദിക്കപ്പെട്ട എല്ലാ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡു പെൻഷൻ ഗുണഭോക്താക്കൾക്കും പെൻഷൻ തുടർന്നും ലഭിക്കുന്നതിനായി ബയോമെട്രിക് മസ്റ്ററിംഗ് നിർബന്ധമാക്കിയിരുന്നു. മസ്റ്ററിംഗിലൂടെ അനർഹരും മരണപ്പെട്ടവരുമായ അനവധി പേരെ ഇതിനകം ഒഴിവാക്കാനായതു വഴി സർക്കാർ ഖജനാവിലെ പണം അനധികൃതമായി

നഷ്ടമാകുന്നത് തടയാനും ആയത് ക്രിയാത്മകമായി വിനിയോഗിക്കുന്നതിനും സഹായിച്ചിട്ടുണ്ട്.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച എല്ലാവർഷവും മസ്റ്ററിംഗ് നിർബന്ധമാക്കേണ്ടത് അനിവാര്യമായതിനാൽ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കളുടെ വാർഷിക മസ്റ്ററിംഗ് സംബന്ധിച്ച് ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(i) 2022 ഡിസംബർ 31 വരെ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾ 2023 ഏപ്രിൽ 1 മുതൽ ജൂൺ 30-വരെയുള്ള കാലയളവിനുള്ളിൽ അക്ഷയ കേന്ദ്രങ്ങൾ വഴി ബയോമെട്രിക് മസ്റ്ററിംഗ് നടത്തേണ്ടതാണ്.

(ii) 2024 മുതൽ എല്ലാ വർഷവും ജനുവരി 1 മുതൽ ഫെബ്രുവരി 28/29 നകം, തൊട്ടു മുൻപുള്ള വർഷം ഡിസംബർ 31 വരെ പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾ അക്ഷയ കേന്ദ്രങ്ങൾ വഴി ബയോമെട്രിക് മസ്റ്ററിംഗ് നടത്തേണ്ടതാണ്.

(iii) ശാരീരിക/ മാനസിക വെല്ലുവിളി നേരിടുന്നവർ, കിടപ്പ് രോഗികൾ, വൃദ്ധജനങ്ങൾ എന്നിങ്ങനെ അക്ഷയ കേന്ദ്രങ്ങളിൽ എത്തിച്ചേരാൻ കഴിയാത്തവർ പ്രസ്തുത വിവരം അക്ഷയ കേന്ദ്രങ്ങളിൽ അറിയിക്കേണ്ടതും അതിനനുസരിച്ച് അക്ഷയ കേന്ദ്രം പ്രതിനിധി പ്രസ്തുത ഗുണഭോക്താക്കളുടെ വീട്ടിലെത്തി മസ്റ്ററിംഗ് നടത്തുന്നതുമാണ്.

(iv) ആധാർ ഇല്ലാതെ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കപ്പെട്ട 85 വയസ്സ കഴിഞ്ഞവർ, 80 ശതമാനത്തിലധികം ശാരീരിക വൈകല്യമുള്ളവർ, സ്ഥിരമായി രോഗശയ്യയിലുള്ളവർ, പരാമർശം (3) ഉത്തരവ് പ്രകാരം പെൻഷൻ അനുവദിക്കപ്പെട്ട ക്ഷേമനിധി ബോർഡ് ഗുണഭോക്താക്കൾ, ബയോമെട്രിക് മസ്റ്ററിംഗ് പരാജയപ്പെടുന്നവർ എന്നിവർ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളിൽ/ ക്ഷേമനിധി ബോർഡുകളിൽ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കേണ്ടതാണ്.

(v) നിശ്ചിത സമയപരിധിക്കുള്ളിൽ മസ്റ്ററിംഗ് പൂർത്തിയാക്കിയവർക്കു മാത്രമേ മസ്റ്ററിംഗിനുള്ള നിശ്ചിത കാലാവധിക്കു ശേഷം പെൻഷൻ വിതരണം നടത്തുകയുള്ളൂ.

(vi) നിശ്ചിത സമയപരിധിക്കുള്ളിൽ മസ്റ്ററിംഗ് പൂർത്തീകരിക്കാത്തവർക്ക് തുടർന്ന് എല്ലാ മാസവും 1 മുതൽ 20 വരെ മസ്റ്ററിംഗ് നടത്താവുന്നതാണ്. എന്നാൽ അവർക്ക് മസ്റ്ററിംഗ് നടത്തുന്ന മാസം മുതൽക്കുള്ള പെൻഷൻ മാത്രമേ

ലഭിക്കുകയുള്ളൂ. മസ്റ്ററിംഗ് ചെയ്യാത്ത കാലയളവിലെ പെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല.

(vii) യഥാസമയം മസ്റ്റർ ചെയ്യാത്തതിനാൽ കുടിശ്ശികയാകുന്ന പെൻഷന് പരാമർശം (4) പ്രകാരമുള്ള നിബന്ധനകൾ ബാധകമായിരിക്കും (ഉദാഹരണമായി, ഒരു ഗുണഭോക്താവ് 2023 നവംബർ മാസമാണ് മസ്റ്റർ ചെയ്യുന്നതെങ്കിൽ ടിയാൾക്ക് 2023 ജൂൺ വരെയുള്ള പെൻഷന് അർഹതയുണ്ടായിരിക്കുന്നതും ആയത് കുടിശ്ശികയ്ക്കായി പണം അനുവദിക്കുമ്പോൾ വിതരണം ചെയ്യുന്നതും, 2023 നവംബർ മാസം മുതലുള്ള പെൻഷൻ സാധാരണ രീതിയിൽ വിതരണം നടത്തുന്നതുമായിരിക്കും. ആ ഗുണഭോക്താവിന് 2023 ജൂലൈ മുതൽ ഒക്ടോബർ വരെയുള്ള പെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല).

**3.** അക്ഷയ കേന്ദ്രങ്ങളിലെത്തി മസ്റ്റർ ചെയ്യുന്നതിന് 30/- രൂപയായും ഗുണഭോക്താക്കളുടെ വീടുകളിൽ പോയി മസ്റ്റർ ചെയ്യുന്നതിനായി 50/- രൂപയായും ഫീസ് നിശ്ചയിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ ഫീസ് മസ്റ്ററിംഗ് നടത്തുന്ന സമയത്ത് ഗുണഭോക്താക്കൾ തന്നെ അക്ഷയ കേന്ദ്രങ്ങൾക്ക് നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ. ബി**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്-

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II) കേരള, തിരുവനന്തപുരം
3. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
4. പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം
5. ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ്, തിരുവനന്തപുരം
6. ഡയറക്ടർ, തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ്, തിരുവനന്തപുരം
7. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
8. തദ്ദേശ സ്വയംഭരണ (ഡി സി), (എഫ് എം.) വകുപ്പ്
9. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
10. ഡയറക്ടർ, അക്ഷയ സ്റ്റേറ്റ് പ്രൊജക്റ്റ് ഓഫീസ്
11. എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ് മുഖേന
11. എല്ലാ മുൻസിപ്പാലിറ്റി/ മുൻസിപ്പൽ കോർപ്പറേഷൻ

സെക്രട്ടറിമാർക്കും (ഡയറക്ടർ തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ് മുഖേന)

12. മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
13. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം.
14. വിവര പൊതുജന സമ്പർക്ക വകുപ്പ്
15. നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്
16. കരുതൽ ഫയൽ (നം.2247085/എസ്.എഫ്.സി.ബി2/2022/ധന.)

ഉത്തരവിൻ പ്രകാരം

#aj.lowrill

സെക്ഷൻ ഓഫീസർ